"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കണ്ണൂർ ജില്ലയിലെ ധർമ്മടം വില്ലേജിലെ പാലയാട് സിനിമാ തിയേറ്റർ കോംപ്ലക്സ് പദ്ധതിയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.168/2026/CLAD                    തീയതി, തിരുവനന്തപുരം, 25-02-2026

പരാമർശം:-

1. സ.ഉ.(സാധാ) നം.744/2024/സാം.കാ.വ. തീയതി 28.12.2024.
2. സ.ഉ.(സാധാ) നം. 3/2025/സാം.കാ.വ. തീയതി 04.01.2025.
3. സ.ഉ.(സാധാ) നം.428/2025/സാം.കാ.വ. തീയതി 28.07.2025.
4. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 18.10.2025 തീയതിയിലെ പി2-1592/2025/സാം.വ നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ധർമ്മടം പഞ്ചായത്തിൽ പാലയാട് സിനിമാ തീയേറ്റർ കോപ്ലക്സ് നിർമ്മാണ പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് 3,13,00,000/- രൂപയുടെ (മൂന്ന് കോടി പതിമൂന്ന് ലക്ഷം രൂപ മാത്രം) സമഗ്ര ഭരണാനുമതി നൽകി പരാമർശം (1), (2) എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

2. പ്രസ്തുത പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും കണ്ടിജൻസി ചാർജ്ജിനത്തിൽ 7,45,000/- രൂപ (ഏഴ് ലക്ഷത്തി നാൽപത്തി അയ്യായിരം രൂപ മാത്രം) തലശ്ശേരി സ്പെഷ്യൽ തഹസിൽദാർക്ക് (എൽ.എ.) നൽകിയ നടപടി സാധൂകരിച്ചും ടി തുക "4202-04-800-79-02-പാലയാട് സിനി തിയേറ്റർ കോപ്ലക്സിന് സ്ഥലം ഏറ്റെടുക്കൽ" എന്ന ശീർഷകത്തിൽ നിന്ന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് അനുവദിച്ചും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

3. ടി തുക ഉൾപ്പടെ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി ആകെ 3,20,45,000/- രൂപ (മൂന്ന് കോടി ഇരുപത് ലക്ഷത്തി നാൽപത്തി അയ്യായിരം രൂപ മാത്രം) "4202-04-800-79-02-പാലയാട് സിനി തിയേറ്റർ കോപ്ലക്സിന് സ്ഥലം ഏറ്റെടുക്കൽ" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചതിനാൽ ഭരണാനുമതി ഉത്തരവ് പുതുക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ ധർമ്മടം പഞ്ചായത്തിൽ പാലയാട് സിനിമാ തീയേറ്റർ കോപ്ലക്സ് നിർമ്മാണ പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയ 3,13,00,000/- രൂപയ്ക്ക് (മൂന്ന് കോടി പതിമൂന്ന് ലക്ഷം

രൂപ മാത്രം) പുറമേ സൂചന (3) പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും കണ്ടിജൻസി ചാർജ്ജിനത്തിൽ തലശ്ശേരി സ്പെഷ്യൽ തഹസിൽദാർക്ക് (എൽ.എ.) നൽകിയ തുകയായ 7,45,000/- രൂപ (ഏഴ് ലക്ഷത്തി നാൽപത്തി അയ്യായിരം രൂപ മാത്രം) "4202-04-800-79-02-പാലയാട് സിനി തിയേറ്റർ കോംപ്ലക്സിന് സ്ഥലം ഏറ്റെടുക്കൽ" എന്ന ശീർഷകത്തിൽ നിന്നും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് അനുവദിച്ച തുകയും ചേർത്ത് ധർമ്മടം പാലയാട് സിനിമാ തീയേറ്റർ കോംപ്ലക്സ് നിർമ്മാണ പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി തുക 3,20,45,000/- രൂപയായി (മൂന്ന് കോടി ഇരുപത് ലക്ഷത്തി നാൽപത്തി അയ്യായിരം രൂപ മാത്രം) പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

ജില്ലാ കളക്ടർ, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യ വകുപ്പ് (3127340/PU-C2/154/2022-FIN-Part(1) Dated 06.02.2026)

കരുതൽ ഫയൽ (A3/76/2025-CLAD)

ഉത്തരവിൻ പ്രകാരം

Signed by

Sheeba K.P.

സെക്ഷൻ ഓഫീസർ

Date: 25-02-2026 15:19:47

പകർപ്പ് : 1) ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2) സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്.